# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എരുത്തേമ്പതി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA-PKD11/1435/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 22/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരുത്തേമ്പതി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD11/1435/22 തീയ്യതി: 22/07/2022

## പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2019 മുതൽ 09-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇ.ശശിഭൂഷൻ | ഡെപ്യൂട്ടി ഡയറക്ടർ | 10-06-2022 | 20-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-06-2022 | 20-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ(HG)

ശ്രീ.കെ.സി.ഹരിഗോബിന്ദ്, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.ആർ.രഞ്ജിത്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പി.പൊന്നുരാജ് @ രാജൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീമതി.പ്രിയദർശിനി.എസ് | പ്രസിഡന്റ് | 30-12-2020 | 31-03-2022 |
| ശ്രീ.ഷാജു.പി.എ | സെക്രട്ടറി | 01-04-2020 | 26-02-2021 |
| ശ്രീ.രമേഷ്കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 27-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.വിനിത.പി | അസി.എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ശ്രീദേവി.വി.എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ഫ്രാൻസിസ് അർപ്പുതദാസ്.ആർ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.റംലത്ത്.എം | ഐ.ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.പി.ലീല | എച്ച്.എം | 01-04-2020 | 31-05-2020 |
| ശ്രീമതി.എസ്.എം.ഫാത്തിമാബീവി | എച്ച്.എം | 01-06-2020 | 31-03-2021 |
| ശ്രീമതി.പി.ജി.അനുഷാറാണി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ഡോ.സുനിത അലക്സ് | മെഡിക്കൽ ഓഫീസർ(FHC) | 01-04-2020 | 31-03-2021 |
| ഡോ.ബിഷ്ണു.എസ്.പ്രസാദ് | മെഡിക്കൽ ഓഫീസർ(ISM) | 01-04-2020 | 17-09-2020 |
| | | 06-10-2020 | 31-03-2021 |
| ഡോ.ജയകൃഷ്ണൻ.കെ.പി | മെഡിക്കൽ ഓഫീസർ(ISM) | 18-09-2020 | 05-10-2020 |
| ഡോ.വിനയകുമാർ.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി.അഫ്സ.എം.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ranjith. R (Auditor, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Ranjith. R (Auditor, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക- അപാകതകൾ<br>Written By: Ranjith. R (Auditor, On 22-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Ranjith. R (Auditor, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.C.Harigobind (Senior Grade Auditor, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Ranjith. R (Auditor, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Ranjith. R (Auditor, On 10-06-2022)<br>Last Updated By: Ranjith. R (Auditor, On 10-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 24-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-10 |
| 12 | അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 22-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 24-06-2022) | 1-11 |
| 13 | സാമൂഹ്യക്ഷേമ പെൻഷൻ ഡാറ്റാബേസിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 22-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-12 |
| 14 | ബൾക്ക് മീറ്ററുകൾ വഴിയുള്ള ജല വിതരണം – വെള്ളക്കരം കുടിശ്ശിക തീർപ്പാക്കാതെ തുടരുന്നു<br>Written By: K.C.Harigobind (Senior Grade Auditor, On 23-06-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 24-06-2022) | 1-13 |
| 15 | കുടിവെള്ള പദ്ധതികൾ രേഖാമൂലം ജല അതോറിറ്റിക്ക് കൈമാറി ഗ്രാമപഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്<br>Written By: K.C.Harigobind (Senior Grade Auditor, On 23-06-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 24-06-2022) | 1-14 |

| | | |
|---|---|---|
| 16 | പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കാതെ വെള്ളക്കരം ഒടുക്കുന്നു<br>Written By: K.C.Harigobind (Senior Grade Auditor, On 23-06-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 24-06-2022) | 1-15 |
| 17 | ജലജീവൻ മിഷൻ പദ്ധതി നടപ്പാക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരികെ അടവാക്കേണ്ടതാണ്<br>Written By: K.C.Harigobind (Senior Grade Auditor, On 23-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-16 |
| 18 | വിവിധ എസ്.സി കോളനികളിൽ തെരുവ് വിളക്ക് നീട്ടൽ - ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 23-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-17 |
| 19 | പോൾ സൂസൈ കനാൽ ഷട്ടർ നിർമ്മാണം - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 23-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-18 |
| 20 | എസ്.എസ്.എ വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 23-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-19 |
| 21 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - വിനിയോഗിക്കാത്ത ഫണ്ട് തിരികെ അടവാക്കിയില്ല<br>Written By: K.C.Harigobind (Senior Grade Auditor, On 23-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-20 |
| 22 | മാഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: K.C.Harigobind (Senior Grade Auditor, On 23-06-2022)<br>Last Updated By: K.C.Harigobind (Senior Grade Auditor, On 24-06-2022) | 1-21 |
| 23 | ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി-നിർമ്മാണ പുരോഗതി ഉറപ്പാക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 22-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-22 |
| 24 | പി.എച്ച്.സി യിലേക്കാവശ്യമായ വിവിധ സാമഗ്രികളുടെ വാങ്ങലിൽ പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: C.S.Santhosh (Audit Officer, On 22-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-23 |
| 25 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അർഹതപ്പെട്ടതിലും അധികം തുക നൽകി<br>Written By: C.S.Santhosh (Audit Officer, On 22-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 24-06-2022) | 1-24 |
| 26 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ<br>Written By: C.S.Santhosh (Audit Officer, On 22-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 24-06-2022) | 1-25 |
| 27 | വിവിധ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ നീട്ടൽ - ടെണ്ടർ വ്യതിയാനം കുറവ് ചെയ്തില്ല-30149 രൂപയുടെ നഷ്ടം<br>Written By: C.S.Santhosh (Audit Officer, On 22-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 24-06-2022) | 1-26 |
| 28 | PHC മെയ്ന്റനൻസ് - ഇളക്കി മാറ്റിയ ടൈലുകൾ കയ്യൊഴിച്ചതിന്റെ രേഖകൾ ലഭ്യമായില്ല<br>Written By: C.S.Santhosh (Audit Officer, On 22-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 24-06-2022) | 1-27 |

ഭാഗം **2**

--- No Records Found ---

| | | |
|---|---|---|
| ഭാഗം **3** | | |
| 1 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അർഹതപ്പെട്ടതിലും അധികം തുക നൽകി<br>Written By: C.S.Santhosh (Audit Officer, On 24-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 24-06-2022) | 3-1 |
| 2 | വിവിധ സ്ഥലങ്ങളിൽ പൈപ്പ്‌ലൈൻ നീട്ടൽ - ടെണ്ടർ വ്യതിയാനം കുറവു ചെയ്തില്ല-30149 രൂപയുടെ നഷ്ടം<br>Written By: C.S.Santhosh (Audit Officer, On 24-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 24-06-2022) | 3-2 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 10-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 10-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 10-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: C.S.Santhosh (Audit Officer, On 10-06-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 05-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 22-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: C.S.Santhosh (Audit Officer, On 10-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 22-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തേക്കുള്ള ബജറ്റ് 18.03.2020-ലെ തീരുമാനം നം. 1 പ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 3492616 |
| തൻവർഷം വരവ് | 240006000 |
| ആകെ വരവ് | 243498616 |
| ചെലവ് | 239122550 |
| നീക്കിയിരിപ്പ് | 4376066 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2020-21 | 31-7-2021 | 21-6-21 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രിക- അപാകതകൾ

1. വാട്ടർ അതോറിറ്റി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 06.12.2019-ലെ ഡിമാന്റ് നോട്ടീസ് പ്രകാരം 30.11.2019 വരെ വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള ബൾക്ക് മീറ്റർ വെള്ളക്കരം കുടിശ്ശിക 5,12,30,121/- രൂപയാണ്. 31.03.2021 ലെ ബാധ്യതാ വിവരങ്ങൾ ലഭ്യമല്ല. ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 4,40,42,931/-രൂപയാണ്. ബാധ്യതാ തുക കുറവായി ഉൾപ്പെടുത്തിയതിനാൽ ബാലൻസ് ഷീറ്റ് യഥാർത്ഥ ആസ്തി ബാധ്യതകളെ പ്രതിഫലിപ്പിക്കുന്നില്ല.

2. സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഡിമാന്റ് തെറ്റായാണ് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ചേർത്തിട്ടുള്ളത്. തന്മൂലം ബാലൻസ് ഷീറ്റിൽ പിരിച്ചെടുക്കാനുള്ള തുകയായി അവശേഷിക്കുന്നത് നെഗറ്റീവ് തുകയാണ് (-97820 രൂപ).

3. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

4. പാലക്കുഴി ജലവൈദ്യുത പദ്ധതിക്കായി ഷെയർ നൽകിയ 2,00,000/- രൂപ ബാലൻസ്ഷീറ്റിൽ ഇൻവെസ്റ്റ്മെന്റായി ഉൾപ്പെടുത്തിയിട്ടില്ല.

5. ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

6. സംശയാസ്പദ കുടിശ്ശിക തുകകൾക്ക് തൻവർഷത്തേക്കുള്ള പ്രോവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

7. പഞ്ചായത്ത് പരിപാലിച്ചിരുന്ന കുടിവെള്ള പദ്ധതികളുടെ വെള്ളക്കരം ഇനത്തിൽ 11,24,892 രൂപ കുടിശ്ശികയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.
ഓഡിറ്റ് അന്വേഷണം നം. 01/14-06-2022-ന് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---:|
| മുന്നിരിപ്പ് | 28849615 |
| വരവ് | 76821842 |
| ആകെ | 105671457 |

| | |
|---|---|
| ചെലവ് | 92300656 |
| നീക്കിയിരിപ്പ് | 13370801 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 12278980 | 12278980 | 12,089,282 | 189698 |
| വികസനഫണ്ട് -എസ്.സി.പി | 0 | 5605039 | 5605039 | 4,062,707 | 1542332 |
| വികസനഫണ്ട് -ടി.എസ്.പി | 0 | 703000 | 703000 | 27000 | 676000 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 6337000 | 6337000 | 6040551 | 296449 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 5685902 | 5685902 | 4004933 | 1680969 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ – അടിസ്ഥാന ഗ്രാന്റ് | 0 | 14243988 | 14243988 | 8,309,803 | 5934185.00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ -ടൈഡ് ഗ്രാന്റ് | | 6770000 | 6770000 | 1,170,001.00 | 5599999.00 |

കേന്ദ്രാവിഷ്കൃതം

| | | | | | |
|---|---|---|---|---|---|
| ICDS കേന്ദ്ര വിഹിതം | 2,545,216 | 1,543,807 | 4089023 | 2488436 | 1,600,587 |
| TSC | 3,157,385 | 0 | 3157385 | 832495 | 2,324,890 |

2. തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 88,312.00 | 1,854,456.00 | 1942768 | 1942168 | 600.00 |
| എം.എൻ.ആർ.ഇ.ജി.എസ്- തൊഴിലാളികളുടെ വേതനം | 0 | 34589946 | 34589946 | 34589946 | 0 |
| ആകെ | 88312 | 36444402 | 36532714 | 36532114 | 600.00 |

3. സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വമിഷൻ ഗ്രാന്റ് | 1,543,807.00 | 1,934,159.00 | 3477966 | 13424 | 3,464,542.00 |
| ലൈഫ് | 1,64,00,000 | 4700000 | 21100000 | 19000000 | 2100000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 144 | 216301257 | 109 | 77113100 | 0 | 35 | 76 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 76% എണ്ണത്തിന് തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 36% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതികൾക്കായി വകയിരുത്തിയ തുകയുടേയും ചെലവിന്റേയും വിവരം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 2986224 | 933173 | 31 |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 1400000 | 775000 | 55 |
| മെഡിക്കൽ ഓഫീ സർ-PHC | 12 | 11 | 2402720 | 1773730 | 74 |
| മെഡിക്കൽ ഓഫീ സർ- ആയുർവേദം | 1 | 1 | 350000 | 350000 | 100 |
| മെഡിക്കൽ ഓഫീ സർ- ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| വി.ഇ.ഒ-1 | 11 | 9 | 130276279 | 37141800 | 29 |
| വി.ഇ.ഒ-2 | 1 | 1 | 300000 | 172800 | 58 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 5 | 7219907 | 4002054 | 55 |
| സെക്രട്ടറി | 34 | 23 | 38483178 | 10047388 | 26 |
| എച്ച്.എം | 4 | 2 | 1138690 | 235035 | 21 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 60 | 49 | 25841037 | 18656211 | 72 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 1 | 5703222 | 2825909 | 50 |
| ആകെ | 144 | 109 | 216301257 | 77113100 | 36 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 88,312.00 | 1,854,456.00 | 1942768 | 1942168 | 600.00 |
| എം.എൻ.ആർ.ഇ.ജി.എസ്-തൊഴിലാളികളുടെ വേതനം | 0 | 34589946 | 34589946 | 34589946 | 0 |
| ആകെ | 88312 | 36444402 | 36532714 | 36532114 | 600.00 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 2,296,200 | 137 |
| 3 | വിധവാ പെൻഷൻ | 17,538,900 | 1118 |
| 4 | വാർദ്ധക്യകാല പെൻഷൻ | 26,222,600 | 1689 |
| 5 | വികലാംഗ പെൻഷൻ | 2,520,400 | 182 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 354,300 | 20 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-06-2022-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 3173/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവു പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം തൃപ്തികരമായ രീതിയിൽ നടത്തിയിട്ടുണ്ട്.
കേരള വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം കുടിശ്ശികയിനത്തിൽ നൽകുവാനുള്ള തുകയുടെ കൃത്യത ഉറപ്പാക്കി ആയത് തീർപ്പാക്കുന്നതിനുള്ള ശ്രമം കാലങ്ങളായി നടത്താത്തതിനാൽ നിലവിൽ അഞ്ചു കോടിയിലധികം കുടിശ്ശികയായുണ്ട്. ഈ വിഷയത്തിൽ ഉദ്യോഗസ്ഥരും ഭരണസമിതിയും കാര്യക്ഷമമായി ഇടപെട്ടിട്ടില്ല.
വെള്ളക്കരം കുടിശ്ശികയുടെ കണക്ക് കൃത്യമായി സൂക്ഷിക്കാത്തത് മേലധികാരികളുടെ ഭാഗത്തുനിന്നുള്ള മേൽനോട്ടച്ചുമതലയുടെ പോരായ്മയാണ്.
തെരുവു വിളക്കുകളുടെ കൃത്യമായ കണക്കില്ലാതെയാണ് എ.എം.സി ക്കായി തുക ചെലവഴിക്കുന്നത്.
തനത് ഫണ്ട് സ്രോതസ്സുകൾ പരിമിതവും നീക്കിയിരിപ്പ് പരിമിതവും ആയ ഗ്രാമപഞ്ചായത്തിൽ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമമായ ശ്രമം ഉണ്ടാകേണ്ടതാണ്.
മേലധികാരികളുടേയും ഭരണസമിതിയുടേയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും ഇടപെടൽ മേൽ വിഷയങ്ങളിൽ ഉണ്ടാകേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 5/2022 | 4/2022 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26.5.2011 | 2006-07 - 2010-11 | 1.7.2011 |

## 1-11 അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്

അനധികൃത നിർമ്മാണങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ സംബന്ധിക്കുന്ന രജിസ്റ്ററിൽ 100 കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ 50 കെട്ടിടങ്ങൾക്ക് മാത്രമാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ബാക്കി കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യപ്പെട്ടിട്ടില്ല.

1. അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്ററിൽ നിയമ ലംഘനത്തിന്റെ സ്വഭാവം വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല.
2. രജിസ്റ്ററിൽ കെട്ടിട നമ്പരിനൊപ്പം UA എന്നതും നമ്പർ അനുവദിച്ച വർഷവും ചേർത്തല്ല നമ്പർ അനുവദിച്ചിട്ടുള്ളത്.

ഇവ സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.02/14.06.22-ന് മറുപടി നൽകിയിട്ടില്ല.

മുഴുവൻ അനധികൃത കെട്ടിടങ്ങളുടേയും വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വെയറിൽ നിർണ്ണയിച്ച് ഡിമാന്റ് ചെയ്യേണ്ടതും രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതുമാണ്.

1-12 സാമൂഹ്യക്ഷേമ പെൻഷൻ ഡാറ്റാബേസിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

23.09.2020-ലെ സ.ഉ(എം.എസ്)നം.97/2020/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും സംബന്ധിച്ച് ക്രോഡീകരിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതും സെക്രട്ടറി അന്വേഷണത്തിനു ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരം അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതതു മാസം പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബാധ്യസ്ഥനാണ്. വിതരണം ചെയ്യാത്ത തുക/അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുക കൈപ്പറ്റുന്നപക്ഷം അത്തരക്കാരിൽ നിന്നും പ്രസ്തുത തുക തിരിച്ചു പിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിലുള്ള അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

എരുത്തേമ്പതി ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന്റെ കൃത്യത പരിശോധിക്കുന്നതിന്റെ ഭാഗമായി മരണ രജിസ്റ്റർ 2020-ലെ രജിട്രേഷൻ നം. 70 മുതൽ 130 വരെയും 2021-ലെ രജിട്രേഷൻ നം. 1 മുതൽ 40 വരെയും പരിശോധനയ്ക്ക് വിധേയമാക്കി. റിപ്പോർട്ടിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള ആധാർ നമ്പർ, സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ വിവരങ്ങളുമായി താരതമ്യപ്പെടുത്തി പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ബാങ്ക് അക്കൗണ്ടിലൂടെയുള്ള പെൻഷൻ വിതരണം- പെൻഷണർ മരണപ്പെട്ട ശേഷവും തുക അക്കൗണ്ടിലേക്ക് മാറുന്നു

പെൻഷണർമാരുടെ മരണം ഈ ഗ്രാമപഞ്ചായത്തിൽ തന്നെ രജിസ്റ്റർ ചെയ്തതിനുശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി നൽകിയതായി കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. പെൻഷനർ ഐ.ഡി :108600200038

പെൻഷൻ തരം: ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ-പ്രായം 75 വയസിനുമുകളിൽ
പെൻഷനറുടെ പേരും വിലാസവും: ബാലനാഗമ്മാൾ, ചിന്നപ്പൻ ആശാരി
മലയാണ്ടി കൗണ്ടനൂർ, വണ്ണാമട P.O-678555.
ആധാർ നമ്പർ: 932843821393
ബാങ്ക് അക്കൗണ്ട് വിവരം: 1793110000024 (CNRB0001793-MUNGILMADA)
മരണപ്പെട്ട തീയതി: 13-11-2020

മരണ രജിസ്ട്രേഷൻ നം. 02/2021 Dt 04-01-2021

മരണശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുക:

| Sl No. | Month & Year | Amount | UTR No. |
|---|---|---|---|
| 1 | December-2020 | 1500 | 2760984964 |
| 2 | January-2021 | 1500 | 3574274896 |
| 3 | February-2021 | 1500 | 0527975856 |
| 4 | March-2021 | 1500 | 1147490567 |
| 5 | April-2021 | 1600 | 1166884973 |
| 6 | May-2021 | 1600 | 2760122937 |
| 7 | June-2021 | 1600 | 3601208891 |
| 8 | July-2021 | 1600 | 4353313895 |
| 9 | August-2021 | 1600 | 4353384028 |
| 10 | September-2021 | 1600 | 5519019064 |
| 11 | October-2021 | 1600 | 6282961135 |
| 12 | November-2021 | 1600 | 7149407750 |
| 13 | December-2021 | 1600 | 7572653914 |
| 14 | January-2022 | 1600 | 8828264047 |
| 15 | February-2022 | 1600 | 9578017115 |
| 16 | March-2022 | 1600 | 0308477652 |
| 17 | April-2022 | 1600 | 0311745876 |
| 18 | May-2022 | 1600 | 1591145611 |
| | Total | 28400 | |

2. പെൻഷനർ ഐഡി: 108600200467

പെൻഷൻ തരം: ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - പ്രായം75 വയസിനു മുകളിൽ

പെൻഷനറുടെ പേരും വിലാസവും: നാച്ചിമുത്തു തേവർ സി, ചിന്നപഴനി തേവർ

നോർത്ത് സ്ട്രീറ്റ്, ആർ.വി.പി പുതൂർ, രാമവർമ്മപുരം, പുതൂർ P.O-678555.
ആധാർ നമ്പർ: 679057579056
ബാങ്ക് അക്കൗണ്ട് വിവരം: 021603609547190701 (CSBK0000216-R.V.P.PUDUR)

മരണപ്പെട്ട തീയതി: 15-10-2020

മരണ രജിസ്ട്രേഷൻ നം. 06/2021 Dt 11-01-2021

മരണശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുക:

| Sl No. | Month & Year | Amount | UTR No |
|---|---|---|---|
| 1 | November-2020 | 1500 | 2179871282 |
| 2 | Decenber-2020 | 1500 | 2761527809 |
| 3 | January-2021 | 1500 | 3577731105 |
| 4 | February-2021 | 1500 | 0529142106 |
| 5 | March-2021 | 1500 | 1146559851 |
| 6 | April-2021 | 1600 | 1165695456 |
| 7 | May-2021 | 1600 | 2760127476 |
| 8 | June-2021 | 1600 | 3601634318 |
| 9 | July-2021 | 1600 | 4353316056 |
| 10 | August-2021 | 1600 | 4353386296 |
| 11 | September-2021 | 1600 | 5519022621 |
| 12 | October-2021 | 1600 | 6282963318 |
| 13 | November-2021 | 1600 | 7149204104 |
| 14 | December-2021 | 1600 | 7572651707 |
| 15 | January-2022 | 1600 | 8828257681 |
| 16 | February-2022 | 1600 | 9578019065 |
| 17 | March-2022 | 1600 | 0308468880 |
| 18 | April-2022 | 1600 | 0312128277 |
| 19 | May-2022 | 1600 | 1591145380 |

| | | | |
|---|---|---|---|
| | Total | 29900 | |

3. പെൻഷനർ ഐഡി : 108600600693

പെൻഷൻ തരം: ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം

പെൻഷനറുടെ പേരും വിലാസവും: രാമാത്താൾ പഴനിയപ്പൻ, നടരാജ് കൌണ്ടർ കോളനി, വണ്ണാമട.
ആധാർ നമ്പർ: 487117418713
ബാങ്ക് അക്കൗണ്ട് വിവരം: 1793108009214 (CNRB0001793-MUNGILMADA)
മരണപ്പെട്ട തീയതി: 23-02-2020
മരണ രജിസ്ട്രേഷൻ നം. 04/2021 Dt. 04-01-2021
മരണശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുക:

| Sl No | Month & Year | Amount | UTR No |
|---|---|---|---|
| 1 | Dec-2019, Jan, Feb, March, April-2020 | 6100 | 7247952640 |
| 2 | May, June-2020 | 2600 | 9557350097 |
| 3 | July, August-2020 | 2600 | 0234000663 |
| 4 | September-2020 | 1400 | 0907798572 |
| 5 | October-2020 | 1400 | 1546237369 |
| 6 | November-2020 | 1400 | 2152265754 |
| 7 | December-2020 | 1400 | 2762825803 |
| 8 | January-2021 | 1500 | 3573987856 |
| 9 | February-2021 | 1500 | 0529197694 |
| 10 | March-2021 | 1500 | 1146425729 |
| 11 | April-2021 | 1600 | 1164582427 |
| 12 | May-2021 | 1600 | 2758369823 |
| 13 | June-2021 | 1600 | 3602685048 |
| 14 | July-2021 | 1600 | 4354618549 |
| 15 | August-2021 | 1600 | 4354782696 |
| 16 | September-2021 | 1600 | 5510797139 |
| 17 | October-2021 | 1600 | 6277782018 |
| 18 | November-2021 | 1600 | 7150985332 |
| 19 | December-2021 | 1600 | 7570977066 |
| 20 | January-2022 | 1600 | 8825049513 |
| 21 | February-2022 | 1600 | 9579220093 |
| 22 | March-2022 | 1600 | 0309531246 |
| 23 | April-2022 | 1600 | 0316972664 |
| 24 | May-2022 | 1600 | 1607407115 |
| | Total | 43800 | |

4. പെൻഷനർ ഐഡി : 108600201742

പെൻഷൻ തരം: ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - പ്രായം75 വയസിനുമുകളിൽ

പെൻഷനറുടെ പേരും വിലാസവും: കന്തസ്വാമി കുപ്പുസ്വാമി 1/46, താളിപ്പാറകളം,
എരുത്തേമ്പതി P.O-678555

ആധാർ നമ്പർ: 809427724210

ബാങ്ക് അക്കൗണ്ട് വിവരം: 1792101000591 (CNRB0001792-ERUTHIAMPATHY)

മരണപ്പെട്ട തീയതി: 30-12-2020

മരണ രജിസ്ട്രേഷൻ നം. 27/2021 Dt 22-02-2021

മരണശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുക:

| Sl No. | Month & Year | Amount | UTR No. |
|---|---|---|---|
| 1 | January-2021 | 600 | 3574274878 |
| 2 | February-2021 | 600 | 0527656475 |
| 3 | March-2021 | 600 | 1145475376 |

| | | | |
|---|---|---|---|
| 4 | April-2021 | 600 | 1163380400 |
| 5 | May-2021 | 600 | 2758352552 |
| 6 | June-2021 | 600 | 3601202170 |
| 7 | July-2021 | 600 | 4353311839 |
| 8 | August-2021 | 600 | 4356919300 |
| 9 | September-2021 | 600 | 5510842377 |
| 10 | October-2021 | 600 | 6282959011 |
| 11 | November-2021 | 600 | 7149409823 |
| 12 | December-2021 | 600 | 7570463381 |
| 13 | January-2022 | 600 | 8828268348 |
| 14 | February-2022 | 600 | 9578014504 |
| 15 | March-2022 | 600 | 0309279970 |
| 16 | April-2022 | 600 | 0312134915 |
| 17 | May-2022 | 600 | 1591145784 |
| | Total | 10200 | |

5. പെൻഷനർ ഐഡി : 108600600942

പെൻഷൻ തരം: ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ സ്കീം
പെൻഷനറുടെ പേരും വിലാസവും: ശിവഭാഗ്യം രാമസ്വാമി, മൂങ്കിൽമട, വണ്ണാമട P.O-678555
ആധാർ നമ്പർ: 737149619994
ബാങ്ക് അക്കൗണ്ട് വിവരം: 1793108011453(CNRB0001793-MUNGILMADA)
മരണപ്പെട്ട തീയതി: 02-10-2020
മരണ രജിസ്ട്രേഷൻ നം. 123/2020 Dt 17-11-2020
മരണശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുക:

| Sl No. | Month & Year | Amount | UTR No |
|---|---|---|---|
| 1 | November-2020 | 1400 | 2152166904 |
| 2 | Decenber-2020 | 1400 | 2762834022 |
| 3 | January-2021 | 1500 | 3573867426 |
| 4 | February-2021 | 1500 | 0529195721 |
| 5 | March-2021 | 1500 | 1144680496 |
| 6 | April-2021 | 1600 | 1166645680 |
| 7 | May-2021 | 1600 | 2758374326 |
| 8 | June-2021 | 1600 | 3601348459 |
| 9 | July-2021 | 1600 | 4354006501 |
| 10 | August-2021 | 1600 | 4354784916 |
| 11 | September-2021 | 1600 | 5510168550 |
| 12 | October-2021 | 1600 | 6278075494 |
| 13 | November-2021 | 1600 | 7149695847 |
| 14 | December-2021 | 1600 | 7570981522 |
| 15 | January-2022 | 1600 | 8827889395 |
| 16 | February-2022 | 1600 | 9580311951 |
| 17 | March-2022 | 1600 | 0309681536 |
| 18 | April-2022 | 1600 | 0315736639 |
| 19 | May-2022 | 1600 | 1606235892 |
| | Total | 29700 | |

6. പെൻഷനർ ഐഡി : 108600100020

പെൻഷൻ തരം: കർഷക തൊഴിലാളി പെൻഷൻ
പെൻഷനറുടെ പേരും വിലാസവും: ചിന്നാള് കാളി, മലയാണ്ടികൗണ്ടന്നൂർ, വണ്ണാമട P.O-678555
ആധാർ നമ്പർ: 778066407079
ബാങ്ക് അക്കൗണ്ട് വിവരം: 67183937706 (SBIN0070185-KOZHINJAMPARA)
മരണപ്പെട്ട തീയതി: 08-09-2020
മരണ രജിസ്ട്രേഷൻ നം. 108/2020 Dt 06-10-2020

മരണശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുക:

| Sl No. | Month & Year | Amount | UTR No. |
|---|---|---|---|
| 1 | October-2020 | 1400 | 1546137249 |
| 2 | November-2020 | 1400 | 2155811472 |
| 3 | Decenber-2020 | 1400 | 2763501675 |
| 4 | January-2021 | 1500 | 3575063043 |
| 5 | February-2021 | 1500 | 0530383489 |
| 6 | March-2021 | 1500 | 1142254940 |
| 7 | April-2021 | 1600 | 1165345200 |
| 8 | May-2021 | 1600 | 2760093760 |
| 9 | June-2021 | 1600 | 3584998092 |
| 10 | July-2021 | 1600 | 4355563288 |
| 11 | August-2021 | 1600 | 4354221868 |
| 12 | September-2021 | 1600 | 5508564056 |
| 13 | October-2021 | 1600 | 6278195122 |
| | Total | 19900 | |

7. പെൻഷനർ ഐഡി : 108600201759

പെൻഷൻ തരം: ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ : പ്രായം75 വയസിനുതാഴെ

പെൻഷനറുടെ പേരും വിലാസവും: വള്ളിയമ്മ, 2/242, നടരാജ്, ചിന്നമൂലത്തറ,
വണ്ണാമട P.O- 678555
ആധാർ നമ്പർ: 562931893108
ബാങ്ക് അക്കൗണ്ട് വിവരം: 1793101010986 (CNRB0001793-MUNGILMADA)
മരണപ്പെട്ട തീയതി: 06-07-2020
മരണ രജിസ്ട്രേഷൻ നം. 84/2020 Dt 06-08-2020
മരണശേഷവും അക്കൗണ്ടിലേക്ക് കൈമാറിയ തുക:

| Sl No. | Month & Year | Amount | UTR No. |
|---|---|---|---|
| 1 | July, August-2020 | 2600 | 0234294983 |
| 2 | September-2020 | 1400 | 0910324464 |
| 3 | October-2020 | 1400 | 1548681625 |
| 4 | November-2020 | 1400 | 2180227536 |
| 5 | December-2020 | 1400 | 2764078190 |
| 6 | January-2021 | 1500 | 3575433331 |
| 7 | February-2021 | 1500 | 0528651333 |
| 8 | March-2021 | 1500 | 1146559873 |
| 9 | April-2021 | 1600 | 1164609251 |
| 10 | May-2021 | 1600 | 2758352565 |
| 11 | June-2021 | 1600 | 3601202183 |
| 12 | July-2021 | 1600 | 4353313960 |
| 13 | August-2021 | 1600 | 4356921522 |
| 14 | September-2021 | 1600 | 5510848382 |
| 15 | October-2021 | 1600 | 6282959024 |
| 16 | November-2021 | 1600 | 7149409836 |
| 17 | December-2021 | 1600 | 7572651720 |
| 18 | January-2022 | 1600 | 8828268360 |
| 19 | February-2022 | 1600 | 9578014517 |
| 20 | March-2022 | 1600 | 0309279983 |
| 21 | April-2022 | 1600 | 0311746134 |
| 22 | May-2022 | 1600 | 1591145904 |
| | Total | 35100 | |

2020-ലെ മരണ രജിസ്റ്റർ, രജിട്രേഷൻ നം. 70 മുതൽ 130 വരെയും 2021-ലെ രജിട്രേഷൻ നം. 1 മുതൽ 40 വരെയും മാത്രമാണ് പരിശോധനയ്ക്ക് വിധേയമാക്കിയത്. ആയതിൽ തന്നെ 197000 രൂപ മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് നൽകിയതായി കണ്ടെത്തി.

2. ഡയറക്റ്റ് ടു ഹോം പെൻഷൻ വിതരണം- മരണപ്പെട്ടതിനു ശേഷവും തുക കൈമാറ

പെൻഷനർ ഐഡി :108600201842
പെൻഷൻ തരം: ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ - :- പ്രായം75 വയസിനുതാഴെ
പെൻഷനറുടെ പേരും വിലാസവും: സരോജ" സരോജിനി നാരായണൻ,ശിവരാമഭാരതി കോളനി, മൂങ്കിൽമട, വണ്ണാമട P.O-678555
ആധാർ നമ്പർ: 581430087974
മരണപ്പെട്ട തീയതി: 25-02-2021
മരണ രജിസ്ട്രേഷൻ നം. 40/2021 Dt 22-03-2021

| | | | | |
|---|---|---|---|---|
| March-2021 | ഡയറക്റ്റ് റ്റു ഹോം | 1500 | തുക കൈപറ്റി | Success |
| April-2021 | ഡയറക്റ്റ് റ്റു ഹോം | 1600 | തുക കൈപറ്റി | Success |
| May-2021 | ഡയറക്റ്റ് റ്റു ഹോം | 1600 | തുക കൈപറ്റി | Success |
| June-2021 | ഡയറക്റ്റ് റ്റു ഹോം | 1600 | തുക കൈപറ്റി | Success |
| July-2021 | ഡയറക്റ്റ് റ്റു ഹോം | 1600 | തുക കൈപറ്റി | Success |
| August-2021 | ഡയറക്റ്റ് റ്റു ഹോം | 1600 | തുക കൈപറ്റി | Success |

തീരുമാനം നമ്പർ C5/111/21-16/10/2021 പ്രകാരം 20/10/2021 ന് സസ്പെൻഡ് ചെയ്തിട്ടുണ്ടെങ്കിലും 9500 രൂപ മരണപ്പെട്ട ശേഷവും വിതരണം ചെയ്തതായി കാണിച്ചിരിക്കുന്നു.

3. പെൻഷനർ മരണപ്പെട്ടതായി രേഖപ്പെടുത്തിയ ശേഷവും തുക കൈമാറിയിരിക്കുന്നു

പെൻഷനർ ഐഡി :108600100157
പെൻഷൻ തരം: കർഷക തൊഴിലാളി പെൻഷൻ
പെൻഷനറുടെ പേരും വിലാസവും: ദൈവാത്താൾ രാക്കിയപ്പ മുതലിയാർ, ആർ.വി പുതൂർ, രാമവർമ്മപുരം പുതൂർ P. O, 678555
ആധാർ നമ്പർ: 581430087974
മരണപ്പെട്ട തീയതി: 21-03-2020
മരണ രജിസ്ട്രേഷൻ നം. 73/2020 Dt 21-03-2020

| | | | | |
|---|---|---|---|---|
| May,June-2020 | ഡയറക്റ്റ് റ്റു ഹോം | 2600 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| July,August-2020 | ഡയറക്റ്റ് റ്റു ഹോം | 2600 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| September-2020 | ഡയറക്റ്റ് റ്റു ഹോം | 1400 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| October-2020 | ഡയറക്റ്റ് റ്റു ഹോം | 1400 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| November-2020 | ഡയറക്റ്റ് റ്റു ഹോം | 1400 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| Decenber-2020 | ഡയറക്റ്റ് റ്റു ഹോം | 1400 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| January-2021 | ഡയറക്റ്റ് റ്റു ഹോം | 1500 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |
| February-2021 | ഡയറക്റ്റ് റ്റു ഹോം | 1500 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |

| | | | | |
|---|---|---|---|---|
| March-2021 | ഡയറക്റ്റ് ഹോം | 1500 | തുക കൈപറ്റി | Success |
| April-2021 | ഡയറക്റ്റ് ഹോം | 1600 | തുക കൈമാറാൻ സാധിച്ചിട്ടില്ല | Deceased |

മരണപ്പെട്ട ഗുണഭോക്താവ് March-2021 ന് 1500 രൂപ കൈപ്പറ്റിയതായി കാണുന്നു.

4. മരണം രജിസ്റ്റർ ചെയ്യപ്പെട്ടതിനു ശേഷവും ആക്റ്റീവ് പെൻഷനറായി തുടരുന്നു

ചുവടെ ചേർക്കുന്ന പെൻഷനർമാർ മരണപ്പെട്ടിട്ടും നിലവിലും ആക്റ്റീവ് പെൻഷനറായി തുടരുന്നതായി കാണുന്നു. എന്നാൽ തുക തടഞ്ഞു വയ്ക്കപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പെൻഷൻ തരം | പെൻഷനർ ഐഡി | പേര് | മരണപ്പെട്ട തീയതി |
|---|---|---|---|---|
| 1 | OAP | 106900200312 | തങ്കരാജ് | 04-01-2021 |
| 2 | ALP | 108600100158 | വെള്ളച്ചി | 31-12-2020 |
| 3 | ALP | 108600100020 | ചിന്നൻ | 08-09-2020 |

പെൻഷൻ ഡാറ്റാബേസ് കൃത്യമല്ലാത്തതിനാൽ സർക്കാരിന് പെൻഷൻ വിതരണത്തിനായി അധികബാധ്യത ഉണ്ടാകുന്നുണ്ട്.

ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം.11/17-06-2022-ന് ഡാറ്റ പരിശോധിച്ച് അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനും അധികം നൽകിയ തുക തിരിച്ച് പിടിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഏതാനും പേരുടെ വിശദാംശങ്ങൾ മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്. ഡാറ്റാബേസ് പൂർണ്ണമായി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ഇത്തരത്തിലുള്ള അപാകങ്ങൾ പരിഹരിക്കേണ്ടതുമാണ്.
2. ഡാറ്റ പരിശോധിച്ച് മരണപ്പെട്ടവരുടെ പ്രോഫൈൽ സസ്പെന്റ് ചെയ്യേണ്ടതാണ്.
3. അധികം നൽകിയ തുക പൂർണ്ണമായി തിരിച്ചുപിടിക്കേണ്ടതാണ്.
4. പെൻഷൻ തുക നേരിട്ട് വിതരണം ചെയ്യുന്നതിലെ അപാകതയിന്മേൽ കൂടുതൽ അന്വേഷണം നടത്തി നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 ബൾക്ക് മീറ്ററുകൾ വഴിയുള്ള ജല വിതരണം – വെള്ളക്കരം കുടിശ്ശിക തീർപ്പാക്കാതെ തുടരുന്നു

ഗ്രാമപഞ്ചായത്തിലെ 9, 10, 11 വാർഡുകളിൽ ഉൾപ്പെട്ട എൻ.ജി.ഒ കോളനി, വണ്ണാമട(കാനറാ ബാങ്കിനു സമീപം), വണ്ണാമട(മിൽക്ക് സൊസൈറ്റിക്ക് സമീപം) എന്നീ പ്രദേശങ്ങളിൽ കേരളാ വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള ബൾക്ക് മീറ്ററുകൾ വഴി ജല വിതരണം നടത്തി വരുന്നുണ്ട്.

30-11-2019 വരെയുള്ള വെള്ളക്കരം കുടിശ്ശിക 51230121 രൂപയാണെന്ന് 6-12-2019 ലെ കേരള വാട്ടർ അതോറിറ്റി എ.എക്സ്.ഇ യുടെ ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വെള്ളക്കരം കുടിശികയായി 31-3-2021 ലെ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത് 4,4042931 രൂപ മാത്രമാണ്.

കുടിശ്ശിക ഒടുക്കൽ – ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ

30.11.2018 ലെ പഞ്ചായത്ത് തീരുമാനം നം. 4(1), 5(1) എന്നിവ പ്രകാരം ബൾക്ക് മീറ്ററുകൾ വഴി ജല വിതരണം നടത്തി വരുന്ന പ്രദേശങ്ങളിലെ എല്ലാ ഗുണഭോക്താക്കളെയും 01.12.2018 മുതൽ വാട്ടർ അതോറിറ്റിയുടെ വ്യക്തിഗത ഗുണഭോക്താക്കളായി മാറ്റുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് പാലക്കാട് വാട്ടർ അതോറിറ്റി എക്സി. എഞ്ചിനീയറോട് അപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 01.12.2018 വരെയുള്ള കുടിശ്ശിക ഗഡുക്കളായി അടക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

2019-20 വർഷത്തിൽ വെള്ളക്കരം ഇനത്തിൽ പ്രൊജക്റ്റ് രൂപീകരിച്ച് 12 ലക്ഷം രൂപ മെയ്റ്റനൻസ് ഗ്രാന്റിൽ നിന്നും KWA യിൽ ഒടുക്കിയിട്ടുണ്ട്. 2020-21 വർഷത്തിൽ തുകയൊന്നും ഒടുക്കിയിട്ടില്ല.

മുൻവർഷങ്ങളിൽ ബൾക്ക് മീറ്റർ പ്രകാരമുള്ള വെള്ളക്കരം കൃത്യമായി ഒടുക്കുന്നതിലും കുടിശ്ശിക തീർപ്പാക്കുന്നതിനായി കാര്യക്ഷമമായ ഇടപെടൽ നടത്തുന്നതിലും അധികാരികളുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായതായി വിലയിരുത്തുന്നു. കുടിശ്ശിക തീർക്കുന്നതിനായി ഒടുക്കുന്ന തുകകൾ കൃത്യമായി വരവു വയ്ക്കപ്പെടുന്നുണ്ടെന്നും ഉറപ്പാക്കുന്നുമില്ല. 30-11-2019 വരെയുള്ള കുടിശ്ശിക 51,23,0121 രൂപയാണ്. നിലവിലെ കുടിശ്ശികയുടെ കണക്ക് ലഭ്യമായിട്ടില്ല.
14.06.2022 ലെ ഓഡിറ്റ് അന്വേഷണം നം.3 ന് സെക്രട്ടറി നൽകിയ മറുപടി താഴെ ചേർക്കുന്നു.

മറുപടി

എരുത്തേമ്പതി ഗ്രാമപഞ്ചായത്ത് ഭൂമിശാസ്ത്രപരമായി കുടിവെള്ള ക്ഷാമം രൂക്ഷമമായി അനുഭവിക്കുന്ന പ്രദേശമാണ്. കുടിവെള്ള ലഭ്യതയ്ക്ക് കാലങ്ങളായി KWA യെ ആണ് ജനങ്ങൾ ആശ്രയിക്കുന്നത്. KWA ബൾക്ക് മീറ്റർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്ത് ഗുണഭോക്താക്കൾക്ക് ജല വിതരണം ചെയ്ത് വരുന്നു. ഗുണഭോക്തൃ കമ്മിറ്റികൾ രൂപീകരിച്ച് ഇവർ മുഖാന്തിരം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇവരിലൂടെയുള്ള നടപടിക്രമങ്ങൾ ലാഭകരമല്ലാതെ വരികയും ബൾക്ക് മീറ്റർ ചാർജ്ജ് കുടിശ്ശികയായി മാറുകയാണുണ്ടായത്. കമ്മിറ്റികളുടെ നടത്തിപ്പ് ഏറ്റെടുക്കുവാൻ സാധ്യമല്ലാതെ വന്ന സാഹചര്യത്തിൽ പദ്ധതികൾ പഞ്ചായത്ത് ഏറ്റെടുക്കുകയാണുണ്ടായത്. അവസാനമായി ലഭ്യമായ ഡിമാന്റ് നൊട്ടീസ് പ്രകാരം 5,12,30,121/- രൂപയാണ് അടവാക്കുവാനുള്ളത്. തനത് വരുമാനം നാമമാത്രമായതിനാലും നാന്നൂറോളം ഗാർഹിക കണക്ഷനുകൾ നൽകിയിരുന്നെങ്കിലും പൂർണ്ണമായി പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. നിലവിൽ വാട്ടർ അതോറിറ്റി നേരിട്ട് കുടിവെള്ള വിതരണം ഏറ്റെടുത്തു വരികയാണ്. കൂടാതെ ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കി കഴിയുന്നതോടെ കുടിവെള്ള വിതരണത്തിലെ ബാദ്ധ്യത പഞ്ചായത്തിൽ നിന്നും ഒഴിവാകും. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി കുടിശ്ശിക തുകയിൽ ഇളവ് ലഭ്യമാക്കുവാൻ പഞ്ചായത്ത് ശ്രമിക്കുന്നുണ്ട്. സർക്കാർ അനുമതി ലഭ്യമാവുമ്പോൾ കുടിശ്ശിക ഗഡുക്കളായി അടവാക്കി വിവരം ഓഡിറ്റിന് സമർപ്പിക്കുന്നതാണ്. അറിയിച്ചിട്ടുണ്ട്. നിലവിൽ വാട്ടർ അതോറിറ്റി ബൾക്ക് മീറ്റർ വഴി പഞ്ചായത്തിന് കുടിവെള്ളം വിതരണം ചെയ്യുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) വാട്ടർ അതോറിറ്റി കണക്കാക്കിയ കുടിശ്ശിക ഏത് വർഷം മുതൽക്കുള്ളതാണെന്നും കുടിശ്ശിക കണക്കാക്കിയത് കൃത്യമാണോ എന്നും ഗ്രാമപഞ്ചായത്ത് വിലയിരുത്തേണ്ടതാണ്.

2) സർക്കാരിനെ സമീപിച്ചും അദാലത്ത് മുഖേനയും കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 കുടിവെള്ള പദ്ധതികൾ രേഖാമൂലം ജല അതോറിറ്റിക്ക് കൈമാറി ഗ്രാമപഞ്ചായത്തിന്റെ ബാധ്യത ഒഴിവാക്കേണ്ടതാണ്

പഞ്ചായത്തിന്റെ പരിധിയിലുള്ള ജനങ്ങൾക്ക് കുടിവെള്ള വിതരണം നടത്തുവാനായി പഞ്ചായത്ത് നേരിട്ട് 25 കുടിവെള്ള പദ്ധതികളാണ് പരിപാലിച്ച വന്നിരുന്നത്. ഇവയുടെ വിശദവിവരങ്ങൾ അടങ്ങിയ രജിസ്റ്റർ പൂർണ്ണമായ രേഖപ്പെടുത്തലുകളോടു കൂടി സൂക്ഷിക്കുന്നില്ല. കുടിവെള്ള പദ്ധതികളിൽ 417 ഗാർഹിക കണക്ഷനുകളും, 3 ഗാർഹികേതര കണക്ഷനുകളും, 92 പൊതു ടാപ്പുകളും ഉൾപ്പെടുന്നുണ്ട്. ഗാർഹിക ഗുണഭോക്താക്കളിൽ നിന്ന് 100/- രൂപയും ഗാർഹികേതര ഗുണഭോക്താക്കളിൽ നിന്നും 200/- രൂപയുമാണ് വെള്ളക്കരമായി ഈടാക്കി വന്നിരുന്നത്.

നിലവിലെ സ്ഥിതി

കുടിവെള്ള പദ്ധതികൾ വാട്ടർ അതോറിറ്റിക്ക് കൈമാറുന്നതിനായി 16.12.2019 ലെ 9/9(1) നം. പ്രകാരം ഭരണസമിതിയുടെ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി എഗ്രിമെന്റ് ചമച്ച്

ഔദ്യോഗികമായി കുടിവെള്ള പദ്ധതികൾ കൈമാറിതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. നിലവിൽ വെള്ളക്കരമൊന്നും ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല. കുടിശ്ശികയിനത്തിൽ ഈടാക്കുവാനുള്ള തുക ഇടാക്കുന്നതിനുള്ള ശ്രമവും ഉണ്ടാകുന്നില്ല. അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഈടാക്കേണ്ട കുടിശ്ശികയുടെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.
കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് നിലവിലും ഗ്രാമപഞ്ചായത്താണ് ഒടക്കി വരുന്നത്.

14.06.2022 ലെ ഓഡിറ്റ് അന്വേഷണ നം.3 നുള്ള മറുപടി താഴെ ചേർക്കുന്നു.

മറുപടി

16.12.2019 ലെ തീരുമാന പ്രകാരം KWA ക്ക് നൽകിയ രേഖകൾ പിന്നീട് ഹാജരാക്കുന്നതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

കുടിവെള്ള പദ്ധതികൾ രേഖാമൂലം ജല അതോറിറ്റിക്ക് കൈമാറി എല്ലാ ബാധ്യതകളിൽ നിന്നും ഗ്രാമപഞ്ചായത്ത് ഒഴിവാകേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 പൊതു ടാപ്പുകളുടെ കൃത്യത ഉറപ്പാക്കാതെ വെള്ളക്കരം ഒടുക്കുന്നു

കേരള ജല അതോറിറ്റി പരിപാലിക്കുന്ന പൊതു ടാപ്പുകളിലൂടെയുള്ള ശുദ്ധജല വിതരണത്തിനുള്ള വെള്ളക്കരം ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. രേഖകളുടെ പരിശോധനയിൽ താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1. ജല അതോറിറ്റിയുടെ കീഴിലുള്ള പൊതു ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല

പഞ്ചായത്തിന്റെ കണക്ക് പ്രകാരം ജല അതോറിറ്റിയുടെ കീഴിലുള്ള 150 പൊതു ടാപ്പുകളിലൂടേയാണ് ജല വിതരണം നടത്തി വരുന്നത്. തനത് ഫണ്ട് രേഖകൾ പ്രകാരം നവംബർ 2019 വരെ 150 പൊതു ടാപ്പുകൾക്ക് പ്രതിമാസം 65625/- രൂപ KWA യിലക്ക് ഒടുക്ക് വരുത്തിയിരുന്നു. ഡിസംബർ 2019 മുതൽ ടാപ്പുകളുടെ എണ്ണം 242 ആയ വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിനാൽ വെള്ളക്കരം 1,05,875/- രൂപയായി വർദ്ധിച്ചു. 92 പൊതു ടാപ്പുകളുടെ വർദ്ധനവിനുള്ള കാരണം വ്യക്തമാക്കുന്ന രേഖകളൊന്നും ലഭ്യമായില്ല.

14.06.2022 ലെ ഓഡിറ്റ് അന്വേഷണം നം.3 ന് സെക്രട്ടറി സമർപ്പിച്ച മറുപടി:
പഞ്ചായത്ത് പരിധിയിലുള്ള ഭൂരിഭാഗം ജനങ്ങളും ഗാർഹിക കണക്ഷനുകൾക്ക് പകരം പൊതു ടാപ്പുകളിലൂടേയുള്ള ജല വിതരണത്തെയാണ് ആശ്രയിക്കുന്നത്. ഇതിൽ ഉൾപ്പെടുന്ന ജനങ്ങൾ കൂടുതലും കൂലി വേലക്കാരും നാമമാത്ര കർഷകരുമാണ്. കോളനികളിൽ വസിക്കുന്ന ഇത്തരം ജനങ്ങൾ വേലയ്ക്ക് പോകുമ്പോൾ പൊതു ടാപ്പുകളിലൂടെയുള്ള ജല ലഭ്യതയുമായി ബന്ധപ്പെട്ട് തർക്ക ങ്ങൾ ഉണ്ടാകാറുള്ളതിനാൽ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നത് പുതിയ പൊതു ടാപ്പുകൾ സ്ഥാപിച്ചാണ്. ഡിസംബർ 2019 മുതൽ 92 പൊതു ടാപ്പുകളുടെ വർദ്ധനവ് വന്ന സാഹചര്യത്തിൽ കണക്കുകൾ തിട്ടപ്പെടുത്തുവാൻ KWA യും പഞ്ചായത്തും സംയുക്തമായി പരിശോധന നടത്തിയിരുന്നു. പ്രസ്തുത ഫയൽ പഞ്ചായത്തിൽ നിലവിൽ ലഭ്യമല്ല. നിലവിൽ വാട്ടർ അതോറിറ്റി പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും പൈപ്പ് ലൈൻ സ്ഥാപിച്ചു കൊണ്ടിരിക്കുന്നുണ്ട്. പൈപ്പ് ലൈൻ ഏർപ്പെടുത്തിയ പ്രദേശങ്ങളിൽ ഗാർഹിക കണക്ഷനുകൾ നൽകിയതിനാൽ പൊതു ടാപ്പുകൾ ഒഴിവാക്കുവാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ച് വരുന്നുണ്ട്. പ്രസ്തുത ആവശ്യാർത്ഥം സംയുക്ത പരിശോധന നടത്തുവാനായി KWA ക്ക് 15.06.2022 ന് കത്ത് നൽകിയിട്ടുണ്ട്. ആയതിന് ശേഷം കുടിവെള്ള വിതരണത്തിന്റെ കണക്കുകൾ കൃത്യതയോടു കൂടി സൂക്ഷിക്കുന്നതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) പഞ്ചായത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തേണ്ടതാണ്. ജല വിതരണം, ശുചിത്വം മേഖലയ്ക്കായി രൂപീകരിച്ചിട്ടുള്ള വർക്കിം ഗ്രൂപ്പുകളുടെ സഹായം ഇതിനായി തേടാവുന്നതാണ്.

2) തുടർനടപടികൾ സ്വീകരിക്കുമ്പോൾ ജി.ഒ(ആർ.ടി)നം.2242/2011/തസ്വഭവ തിയതി 28.09.2011 ലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുക്കാവുന്നതാണ്.

3) പൊതുടാപ്പുകൾക്ക് പകരം വ്യക്തിഗത ഗാർഹിക കണക്ഷനുകൾക്ക് സബ്സിഡി അനുവദിച്ച് അനുവദിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

തുടർ നടപടികൾ സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

1-16 ജലജീവൻ മിഷൻ പദ്ധതി നടപ്പാക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരികെ അടവാക്കേണ്ടതാണ്

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച താഴെ പറയുന്ന പ്രോജക്റ്റ് നടപ്പാക്കിയില്ല.

| | |
|---|---|
| പ്രൊജക്റ്റ് | 169/21-ജലജീവൻ മിഷൻ - KWA ക്ക് തുക കൈമാറൽ |
| അടങ്കൽ സ്രോതസ്സ് | അടങ്കൽ തുക |
| ധനകാര്യ കമ്മീഷൻ അവാർഡ് | 55,84,000242242 |
| ബ്ലോക്ക് പഞ്ചായത്ത് | 30,00,000 |
| മെയിന്റനൻസ് - റോഡിതരം | 7,63,000 |
| ഗുണഭോക്തൃ വിഹിതം | 11,63,5000 |
| ആകെ | 20,98,2000 |

പ്രൊജക്റ്റിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ 20,00,000/- രൂപ 1-3-2021 ന് തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. (കനറാ ബാങ്ക് അക്കൗണ്ട് നം. 17902201000017). 2020-21 സാമ്പത്തിക വർഷത്തിലും തുടർന്നും പദ്ധതി നടപ്പാക്കിയിട്ടില്ല.

15.06.2022 ലെ ഓഡിറ്റ് അന്വേഷണ നം.4 ന ള്ള മറുപടി:

ജല ജീവൻ മിഷൻ എന്ന പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിഹതമായി 20,00,000/- രൂപ ലഭിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി ലഭ്യമായ ധനകാര്യ കമ്മീഷൻ അവാർഡിലെ (ടൈഡ് ഫണ്ട്) സ്രോതസ്സ് വിനിയോഗിക്കുവാൻ സാധ്യമല്ല എന്ന് ജില്ലാ പ്ലാനിംഗ് ഓഫീസറിൽ നിന്നും നിർദ്ദേശം ലഭ്യമായതിനാൽ 2021-22 ലേക്ക് പദ്ധതി സ്പിൽഓവർ ആക്കുവാൻ സാധിച്ചില്ല. പ്രസ്തുത ആവശ്യത്തേക്കായി പുതിയ പദ്ധതി സാധ്യമായില്ലെങ്കിൽ തുക തിരികെ അടവാക്കി വിവരം അറിയിക്കുന്നതാണ്.

ഓഡിറ്റ് നിർദ്ദേശം

പദ്ധതി നടപ്പാക്കാത്ത സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായ 20 ലക്ഷം രൂപ തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ജോയിന്റ് വെഞ്ച്വർ പദ്ധതികൾക്കായി ലഭിക്കുന്ന തുക സമയബന്ധിതമായി ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
കുടിവെള്ള പ്രശ്നം രൂക്ഷമായ ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജനങ്ങൾക്ക് ഏറെ സഹായകരമാകുന്നതും പഞ്ചായത്ത് ഫണ്ടിന്റെ ബാധ്യത കുറവ് ചെയ്യുന്നതിനുതകുന്നതുമായ ഇത്തരം സംരംഭങ്ങൾ സമയബന്ധിതമായി നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

അംഗീകാരം ലഭ്യമാകുന്ന പദ്ധതികളുടെ നിർവ്വഹണം പ്രവർത്തന കലണ്ടറിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 വിവിധ എസ്.സി കോളനികളിൽ തെരുവ് വിളക്ക് നീട്ടൽ - ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹിച്ച പ്രൊജക്ടിന്റെ വിശദവിവരം:

| | |
|---|---|
| പ്രൊജക്ട് | 92/21 - വിവിധ എസ്.സി. കോളനികളിൽ തെരുവ് വിളക്ക് നീട്ടൽ |
| അടങ്കൽ | 1,94,498 /- (SCP) |
| ബിൽ നം./ തീയതി | ചെലവ് |
| 1/28-04-2020 | 96,509/- |

വിവിധ എസ്.സി. കോളനികളിൽ തെരുവ് വിളക്ക് നീട്ടലിനായി AE, KSEB., കൊഴിഞ്ഞാമ്പാറയുടെ അക്കൗണ്ടിലേക്ക് (നം. 57044189877) NEFT മുഖേന തുക കൈമാറിയിട്ടുണ്ട്.
(16.06.2022 ലെ ഓഡിറ്റ് അന്വേഷണം നം.8)

പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിവരത്തോടൊപ്പം കൈമാറിയ വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-18 പോൾ സൂസൈ കനാൽ ഷട്ടർ നിർമ്മാണം - ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹിച്ച പ്രൊജക്ടിന്റെ വിശദവിവരം :

| | |
|---|---|
| പ്രൊജക്ട് | 148/20-21-പോൾ സൂസൈ കനാൽ ഷട്ടർ നിർമ്മാണം. |
| അടങ്കൽ | 1,20,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം./ തീയതി | ചെലവ് |
| 4/20-21/ 31-03-2021 | 1,20,000/- |

പദ്ധതി നിർവ്വഹണത്തിനായി മൈനർ ജലസേചന വകുപ്പിൽ നിന്നും 1,20,000/- രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. പ്രവൃത്തിക്കായി മലമ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷനിലെ 35825959255 അക്കൗണ്ട് നമ്പറിലേക്ക് പദ്ധതി വിഹിതം കൈമാറിയിട്ടുണ്ട്.
പ്രസ്തുത വിഹിതത്തിനുള്ള ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
(16.06.2022 ലെ ഓഡിറ്റ് അന്വഷണം നം.6)

1-19 എസ്.എസ്.എ വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹിച്ച പ്രൊജക്ടിന്റെ വിശദവിവരം :

| | |
|---|---|
| പ്രൊജക്ട് | 3/21-എസ്.എസ്.എ വിഹിതം നൽകൽ |
| അടങ്കൽ | 6.56,760/- |
| ബിൽ നം./തീയതി | ചെലവ് |
| 15/20-21/ 26-6-2020 | 6,56,760/- |

പദ്ധതി വിഹിതം SSA ജില്ലാ പ്രൊജക്ട് ഓഫീസറുടെ അക്കൗണ്ടിലേക്ക് (നം.0812101063416) NEFT മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി വിഹിതത്തിനുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുവാൻ 16.06.2022 ലെ അന്വേഷണം നം.5 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയത് ലഭ്യമാക്കുകയുണ്ടായില്ല.

ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-20 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - വിനിയോഗിക്കാത്ത ഫണ്ട് തിരികെ അടവാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രൊജക്റ്റിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് | 51/21-എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നല്കൽ |
| അടങ്കൽ | 8,57,647/-(വികസന ഫണ്ട് - SCP) |
| ബിൽ നം./ തീയതി | ചെലവ് |
| 02/29.04.2020 | 3,40,545/- |

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ലാപ്ടോപ്പുകൾ വാങ്ങി നൽകുവാനായി 16 എസ്.സി വിദ്യാർത്ഥികളെ തെരഞ്ഞെടുത്തിട്ടുണ്ട്. കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ Cprcs മുഖേന ലാപ്ടോപ്പുകൾ ലഭ്യമാക്കുന്നതിനായി അക്കൗണ്ട് നം. 799011400003959 ലേക്ക് 3,40,545/- രൂപ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുകയുണ്ടായി (വെള്ളയമ്പലം, KELTRON). സപ്ലൈ ഓർഡർ സമർപ്പിച്ചിട്ടും ലാപ്ടോപ്പുകൾ ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ ലാപ് ടോപ്പുകൾ അടിയന്തിരമായി ലഭ്യമാക്കുവാനോ തുക തിരികെ ലഭ്യമാക്കുവാനോ ആവശ്യപ്പെട്ടുകൊണ്ട് 20-9-21 തിയതിയിൽ Cprcs ന്റെ നോഡൽ ഏജൻസിയായ KELTRON ന് സെക്രട്ടറി കത്ത് (നം.1/126/21) അയച്ചു.

28.09.2021 ന് Cprcs ൽ നിന്നും റീഫണ്ട് മൊഡ്യൂൾ മുഖേന കനറാ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗക്കൗണ്ടിലേക്ക്(നം. 17902201000017 ലേക്ക് 3,40,545/- രൂപ) തിരികെ അടവാക്കിയിട്ടുണ്ട്. ഒരു മാസത്തിനകം ലാപ്ടോപ്പുകൾ ലഭ്യമാകാതിരുന്നതിനാൽ തുക തിരികെ ലഭ്യമാക്കി ഓപ്പൺ ടെണ്ടർ, ജെം എന്നീ മാർഗ്ഗങ്ങളിലൂടെ വാങ്ങാവുന്നതാണെന്ന സർക്കാർ നിർദ്ദേശം ഉണ്ടായിരുന്നുവെങ്കിലും 2020-21 വർഷത്തിൽ അത്തരത്തിലുള്ള ശ്രമം നടത്താതിരുന്നതിനാൽ അർഹരായ ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പുകൾ ലഭ്യമാകാതിരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്.

2020-21 സാമ്പത്തിക വർഷത്തിൽ തിരികെ ലഭ്യമായ തുക നാളിതുവരെ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല.
(14.06.2022ലെ അന്വേഷണ നം.3)

വിനിയോഗിക്കാതെ തനത് ഫണ്ടിൽ അവശേഷിക്കുന്ന 3,40,545/- രൂപ സർക്കാരിലേക്ക് ഒടുക്ക് വരുത്തിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-21 മാഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

2020-2021 സാമ്പത്തിക വർഷത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആകെ 3923 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർക്കെല്ലാം തന്നെ തൊഴിൽ കാർഡുകൾ നൽകിയിട്ടുണ്ട്. 2021 കുടുംബങ്ങൾ തൊഴിൽ ആവശ്യപ്പെട്ടിട്ടുണ്ട്. 294 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. തൻവർഷം 721 പദ്ധതികൾക്ക് 11,89,65,000 രൂപ അടങ്കലായി വകയിരുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. തൻവർഷം ആകെ 239 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 216 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

സാധന സാമഗ്രികൾ ഉൾപ്പെടുന്ന 3 പ്രവൃത്തികൾക്ക് 6,04,383 രൂപ മെറ്റീരിയൽസിന് ചെലവായി വന്നിട്ടുണ്ട്. തൻവർഷത്തെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 37,63,1402/- രൂപയും തൻവർഷത്തെ ചെലവ് 37,63,0802 രൂപയുമാണ്. തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരങ്ങൾ കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നുണ്ട്. പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. തൻവർഷം 11 ആസ്തികളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്.

മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങൾ നല്ല രീതിയിൽ നിർവ്വഹിച്ച് വരുന്നതായി ഓഡിറ്റ് മനസ്സിലാക്കുന്നു.

## 1-22 ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി-നിർമ്മാണ പുരോഗതി ഉറപ്പാക്കേണ്ടതാണ്

ലൈഫ് മിഷൻ ഭവന നിർമ്മാണ പദ്ധതി പ്രകാരം 2020-21 വർഷത്തിൽ വി.ഇ.ഒ നിർവഹണ ഉദ്യോഗസ്ഥനായി തൻവർഷം ആകെ 4 പ്രോജക്ടുകൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ

താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 117/21 -ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ) (Spill Over) | 42628174 | 25361000 |
| 2 | 156/21 – ലൈഫ് മിഷൻ ഭവന നിർമ്മാണം (എസ്.സി.പി) (Spill Over) | 6211527 | 1871000 |
| 3 | 90/21- ലൈഫ് മിഷൻ ഭവന നിർമ്മാണം- (എസ്.സി.പി) | 6444498 | 470000 |
| 4 | 67/21- ലൈഫ് മിഷൻ ഭവന നിർമ്മാണം- (ജനറൽ) | 68600000 | 7439000 |
| | ആകെ | 123884199 | 35141000 |

2020-21 സാമ്പത്തിക വർഷം വരെ എഗ്രിമെന്റ് വെച്ച 304 ഗുണഭോക്താക്കളിൽ 265 പേരുടെ ഭവന നിർമ്മാണം നാളിതുവരെ പൂർത്തികരിച്ചിട്ടുണ്ട്. തൻവർഷം എഗ്രിമെന്റ് വച്ച 9 പേരുടേതുൾപ്പെടെ 39 പേരുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട്. നിർമ്മാണ പുരോഗതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| സ്റ്റേജ് | എണ്ണം |
|---|---|
| ബേസ്മെന്റ് | 5 |
| ലിന്റിൽ | 4 |
| റൂഫ് | 27 |
| ആരംഭിക്കാത്തവർ | 3 |
| ആകെ | 39 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 13/18-06-22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നിർമ്മാണ പുരോഗതി വിലയിരുത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിനാനവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 പി.എച്ച്.സി യിലേക്കാവശ്യമായ വിവിധ സാമഗ്രികളുടെ വാങ്ങലിൽ പ്രൊക്യൂർമെന്റ് നടപടിക്രമങ്ങൾ പാലിച്ചില്ല

2013 ലെ സ്റ്റോർസ് പർച്ചേസ് മാന്വൽ ഖ.19.3 പ്രകാരം സർക്കാർ വകുപ്പുകൾ 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ (കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും ഒഴികെയുള്ളവ) വാങ്ങുന്നത് കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ GeM മുഖേനയാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. GeM പോർട്ടലിൽ ലഭ്യമല്ലാത്ത സാധനങ്ങൾ മാത്രമാണ് മറ്റ് രീതിയിൽ വാങ്ങാവുന്നത്. ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസിനെ ലബോറട്ടറി/മെഡിക്കൽ ഉപകരണങ്ങൾ GeM മുഖേന വാങ്ങുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ നടത്തിയ മെഡിക്കൽ വാങ്ങലുകളിൽ താഴെ പറയുന്ന അപാകങ്ങൾ ഉള്ളതായി കണ്ടെത്തി.

1. ലാബ്/മെഡിക്കൽ ഉപകരണങ്ങൾ അല്ലാത്ത ഇൻവർട്ടർ, എ.സി എന്നിവ GeM പോർട്ടൽ മുഖേന വാങ്ങുന്നതിന് മുൻഗണന നൽകിയില്ല.

2. GeM മുഖേനയല്ലാതെയുള്ള വാങ്ങലിന് ബാധകമായിട്ടുള്ളത് സ.ഉ(പി)നം.259/2010/തസ്വഭവ തിയതി 8-11-2010 പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലേയും സ്റ്റോർസ് പർച്ചേസ് മാന്വൽ, 2013 ലെ മറ്റു വ്യവസ്ഥകളുമാണ് ബാധകമായിട്ടുള്ളത്. ഇതനുസരിച്ച് 25000 രൂപ മുതൽ 100000 രൂപ വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടറാണ് ബാധകമായിട്ടുള്ളത്. രണ്ട് പ്രോജക്റ്റുകൾ പ്രകാരം

നടത്തിയ വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടറിനു പകരം ക്വട്ടേഷനാണ് ക്ഷണിച്ചിട്ടുള്ളത്. ലിമിറ്റഡ് ടെണ്ടറിൽ, മൂന്നിൽ കുറയാത്ത വിതരണക്കാരിൽ നിന്നും നിരക്കുകൾ ലഭ്യമാക്കേണ്ടതുണ്ട്. ആയതിനു പകരം മൂന്ന് ക്വട്ടേഷനുകനാണ് ലഭ്യമാക്കിയത്. കൂടുതൽ നിരക്കുകൾ ലഭ്യമാകുമ്പോൾ ലഭിക്കുമായിരുന്ന സാമ്പത്തികാനുകൂല്യം ഇതിനാൽ ഇല്ലാതായി.

വാങ്ങൽ നടപടിക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കിയതായും കാണുന്നില്ല.

വാങ്ങലുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. 35/21- വണ്ണാമട പി.എച്ച്.സിയുടെ പുതിയ കെട്ടിടത്തിലേക്ക് ഇൻവർട്ടർ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

അടങ്കൽ - 60000 രൂപ (MG-NR)

ചെലവ് - 60000 രൂപ (ബിൽ നം. 33/20-3-21)

വണ്ണാമട പി.എച്ച്.സിയുടെ പുതിയ കെട്ടിടത്തിലേക്ക് ഇൻവർട്ടർ വാങ്ങുന്നതിനായി 2-2-21 ന് ക്വട്ടേഷൻ ക്ഷണിക്കുകയും ലഭ്യമായ മൂന്നു ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ പ്രിസം എ.ഡി.എസ്, പാലക്കാട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

2. 29/21- വണ്ണാമട പി.എച്ച്.സി ഫാർമസിയിലേക്ക് എ .സി വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

അടങ്കൽ - 50000 രൂപ (MG-NR)

ചെലവ് - 49900 രൂപ (ബിൽ നം. 8/22-7-20)

വണ്ണാമട പി.എച്ച്.സി ഫാർമസിയിലേക്ക് 2 ടണ്ണിന്റെ എ.സി വാങ്ങുന്നതിനായി 8-6-20 ന് ക്വട്ടേഷൻ ക്ഷണിക്കുകയും ലഭ്യമായ മൂന്നു ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ചിറ്റൂർ ഇലക്ട്രോണിക്സ് & ഹോം അപ്ലയൻസസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

വാങ്ങലിന് GeM പോർട്ടൽ പ്രയോജനപ്പെടുത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.10/17-6-22) GeM മുഖേന വാങ്ങുന്നതിനെക്കുറിച്ച് വ്യക്തതയുണ്ടായിരുന്നില്ല എന്ന് അറിയിച്ചിട്ടുണ്ട്.

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരമില്ലാതെ വാങ്ങലുകൾ നടത്താതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തുടർന്നുള്ള വാങ്ങലുകൾ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അർഹതപ്പെട്ടതിലും അധികം തുക നൽകി

പ്രൊ.നം. SO.101/21-ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ- എച്ച്.എം, GUPS

അടങ്കൽ - 250000

ചെലവ് - 228000(ബിൽ നം. 1/4-5-20)

പദ്ധതി പ്രകാരം 8 പേർക്ക് 28500 രൂപ വീതം ആകെ 228000 രൂപ അനുവദിച്ചിട്ടുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിങ്ങനെ വേർതിരിച്ച് അർഹതപ്പെട്ട സ്കോളർഷിപ്പ് കണക്കാക്കാതെ പട്ടികയിലെ എല്ലാവർക്കും ഒരേ നിരക്കാണ് നൽകിയിട്ടുള്ളത്. ഏഴു പേർ മാനസിക വെല്ലുവിളി നേരിടുന്നവരും ഒരാൾ ശാരീരിക വെല്ലുവിളി നേരിടുന്നയാളുമാണ്. വിശദാംശം താഴെ ചേർക്കുന്നു.

ഗുണഭോക്താവ് - ശ്രീറാം.ആർ, +2 വിദ്യാർത്ഥി

ശാരീരിക അവശത നേരിടുന്ന വിദ്യാർത്ഥി.

സ.ഉ(കൈ)നം.22/2018/തസ്വഭവ തിയതി 14-2-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.6.a പ്രകാരം അർഹമായ തുക:

പ്രതിമാസ ബത്ത – 12x600 – 7200
വാർഷിക ബത്ത - 800
യാത്രാബത്ത – 10x400 = 4000
ആകെ - 12000

12000 രൂപക്ക് പകരം മേൽ ഗുണഭോക്താവിന് 28500 രൂപ നൽകുവാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 7/16-10-22 ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള സർക്കുലർ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ബാധകമായതാണ്.

അധികം നൽകിയ തുക 16500 രൂപ ഗുണഭോക്താവിൽ നിന്ന് ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
(ഖ.3-1 കൂടി കാണുക)

## 1-25 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ വിലയിരുത്തൽ

എ. ചെലവിന്റെ വിവരം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 60 മരാമത്ത് പ്രവൃത്തികൾക്ക് തൻവർഷം അംഗീകാരം ലഭ്യമാക്കിയതിൽ 49 പ്രവൃത്തികൾക്കുള്ള തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ആകെ വകയിരുത്തിയ 2.58 കോടി രൂപയിൽ 1.87 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. വകയിരുത്തിയ തുകയുടെ 72% മാത്രമാണ് തൻവർഷത്തെ ചെലവ്.

മുൻവർഷം കൃവിൽ ആയ ധാരാളം പ്രവൃത്തികൾ തൻവർഷം സ്പിൽ ഓവറായി മാറുകയും തൻവർഷത്തെ ഫണ്ടിൽ നിന്നും തുക ചെലവഴിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്. സർക്കുലർ നം.ഡി.എ.1/26 /2019/തസ്വഭവ തിയതി 25-01-2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണ പ്രവൃത്തികളുടെ ഓരോ ഘട്ടം തീരുന്ന മുറയ്ക്കും പാർട്ട് ബിൽ എഴുതുന്ന രീതി കൃത്യമായി അവലംബിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നുവെങ്കിലും നിർദ്ദേശം കാര്യക്ഷമമായി നടപ്പാക്കപ്പെട്ടിട്ടില്ല എന്ന് വിലയിരുത്തുന്നു.

ബി. രേഖകളുടെ സൂക്ഷിപ്പ്

1. പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ PWD മാന്വൽ അനുസരിച്ചുള്ള പിഴ ഈടാക്കുന്നുണ്ടെങ്കിലും കരാർ കാലാവധി തീരുന്നതിനുമുമ്പുള്ള കരാറുകാരുടെ അപേക്ഷയും എഞ്ചിനിയറുടെ ശുപാർശയും ഇല്ലാതെയാണ് കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുന്നത്.

2. കരാർ കാലാവധി ദീർഘിപ്പിക്കുമ്പോൾ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പു വച്ച് പുതുക്കിയ മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്യുന്നില്ല.

3. എസ്റ്റിമേറ്റുകളിൽ മരാമത്ത് പ്രവൃത്തിയുടെ പേര്, വർഷം, ഫണ്ടിനം, ചെലവഴിച്ച തുക, സ്ഥാപനത്തിന്റെ പേര് എന്നിവ സൂചിപ്പിക്കുന്ന ഡിസ്പ്ലേ ബോർഡിനുള്ള തുക വകയിരുത്തി അവ സ്ഥാപിക്കുന്നില്ല.

4. സചിത്ര സോഫ്റ്റ്‌വെയറിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കപ്പെടാത്തതിനാൽ ആസ്തി രജിസ്റ്റർ കാലികമാക്കുവാനും പദ്ധതി രൂപീകരണത്തിൽ പ്രയോജനപ്പെടുത്തു വാനും സാധിച്ചിട്ടില്ല.

5. റോഡ് പ്രവൃത്തികൾ ഏറ്റെടുത്തത് റോഡ് കണക്റ്റിവിറ്റി ഭൂപടവും പ്ലാനും കാലികമാക്കാതെയാണ്.

6. എഗ്രിമെന്റുകളിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി 2012 ലെ PWD മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

7. GST ഉൾപ്പെടാത്ത തുകയിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തേണ്ടതാണെന്ന നിർദ്ദേശത്തിനു വിരുദ്ധമായി ജി.എസ്.ടി ഉൾപ്പെടെയുള്ള തുകയിൽ നിന്നാണ് ടി.ഡി.എസ് നടത്തുന്നത്.

8. ടാറിംഗ് ഉൾപ്പെടുന്ന പ്രവൃത്തികളുടെ കാലി ബാരലുകളുടെ തുക പഞ്ചായത്ത് ഫണ്ടിലേക്ക്

മാറ്റുന്നുണ്ടെങ്കിലും ആയവയുടെ ജി.എസ്.ടി ഒടുക്കിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല,

സി. ആസ്തി സംരക്ഷണ പദ്ധതി

സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.7 ൽ നിർദ്ദേശിച്ച പ്രകാരം മെയ്ന്റനൻസ് ഫണ്ടും കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഘടക സ്ഥാപന മേധാവികളുടെ യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ആസ്തി രജിസ്റ്റർ കുറ്റമറ്റതാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. മാർഗ്ഗരേഖ പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

2. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ആവശ്യകത വിലിയരുത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമല്ല.

ഓഡിറ്റ് നിർദ്ദേശം

1. സാമ്പത്തിക വർഷാവസാനം കൂടുതൽ ബില്ലുകൾ ട്രഷറിയിൽ സമർപ്പിക്കുന്നതിനുള്ള പ്രവണത ഒഴിവാക്കേണ്ടതാണ്.
2. പ്രവൃത്തികളുടെ ഓരോ ഘട്ടവും തീരുന്ന മുറയ്ക്ക് പാർട്ട് ബില്ലുകൾ അനുവദിച്ച് പരമാവധി തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. PWD മാന്വൽ അനുസരിച്ചുള്ള സമയക്രമം പാലിച്ചുകൊണ്ട് കരാറുകാർ പ്രവൃത്തികൾ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
4. വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഇടപെടൽ നടത്തേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാ ക്കേണ്ടതാണ്.
5. മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കാലികമാക്കി സൂക്ഷിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
6. ആസ്തി സംരക്ഷണ പദ്ധതി രൂപീകരിച്ച് മാത്രം മെയന്റനൻസ് ഫണ്ട് ചെലവഴിക്കേണ്ടതാണ്.
7. മെയ്ന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കുന്നത് ഒഴിവാക്കേണ്ടതാണ്.
8. ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നതിലെ അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ PWD മാന്വൽ, 1997 ലെ കേരള പഞ്ചായത്ത് രാജ്(മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം) ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം (നം.9/16-6-22) മുഖേന മേൽ വിഷയങ്ങളിൽ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമായില്ല.

1-26 വിവിധ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ നീട്ടൽ - ടെണ്ടർ വ്യതിയാനം കുറവു ചെയ്തില്ല-30149 രൂപയുടെ നഷ്ടം

പ്രൊ.നം. 130/20, 105/21- വിവിധ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ നീട്ടൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനിയർ
അടങ്കൽ - 450000 രൂപ (CFC)
എഗ്രിമെന്റ് നം. 40/27-11-19
കരാറുകാരൻ - ശ്രീ.ആർ.ഷംസുദ്ദീൻ

6.7% കുറവായാണ് കരാറുകാരൻ തുക ക്വോട്ട് ചെയ്തിട്ടുള്ളത്.

ചെലവ് - 450000 രൂപ (ബിൽ നം. 4/14-5-20 – 255614 രൂപ, 25/10-11-20 – 194386 രൂപ)

അളവു പുസ്തകം നം. 9/19-20

ബിൽ തുകകൾ നൽകിയപ്പോൾ 6.7% ടെണ്ടർ വ്യതിയാനം കുറവു ചെയ്തിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. ഇതിനാൽ വികസന ഫണ്ടിനുണ്ടായ നഷ്ടം താഴെ ചേർക്കുന്നു.

ഒന്നാം പാർട്ട് ബിൽ തുക - 255614 രൂപ

നഷ്ടം - 255614 X 6.7%=17126

രണ്ടാം പാർട്ട് ബിൽ തുക - 194386 രൂപ

നഷ്ടം - 13023 X 6.7%=13023

ആകെ നഷ്ടം - 30149 രൂപ

അധികം തുക നൽകിയതിനുള്ള സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 9(3)/16-6-22 ന് മറുപടി ലഭ്യമായില്ല.

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഖ.3-2 കൂടി കാണുക)

1-27 PHC മെയ്ന്റനൻസ് - ഇളക്കി മാറ്റിയ ടൈലുകൾ കയ്യൊഴിച്ചതിന്റെ രേഖകൾ ലഭ്യമായില്ല

135/21 – PHC മെയ്ന്റനൻസ്
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനിയർ
അടങ്കൽ - 491000 (എം.ജി – നോൺ റോഡ്)
എഗ്രിമെന്റ് നം. 3/7-5-20
കരാറുകാരൻ - ശ്രീ.ലിയാക്കത്ത് അലി
അളവു പുസ്തകം നം. 65/18-19, 24/19-20

നിലവിലുള്ള കെട്ടിടത്തിന്റെ ഓട് മേൽക്കൂര മാറ്റൽ, സ്റ്റീൽ ട്രസ്സ് സ്ഥാപിച്ച് ജി.ഐ ഷീറ്റ് ഫിറ്റിംഗ്, പെയ്ന്റിംഗ് മുതലായ ഘടകങ്ങളാണ് പ്രവൃത്തിയിൽ ഉൾപ്പെട്ടിരുന്നത്. അളവു പുസ്തകം നം. 65/18-19 ലെ പേജ് 1 പ്രകാരം 131.245 ച.മീ വിസ്തീർണ്ണത്തിൽ നിന്നുള്ള ടൈലുകൾ ഇളക്കി മാറ്റിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ടൈലുകളുടെ മൂല്യം കണക്കാക്കി വാല്യുവേഷൻ റിപ്പോർട്ട് പഞ്ചായത്തിലേക്ക് സമർപ്പിച്ചിട്ടുള്ളതായി പേജ് നം. 2 ൽ അസി.എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. ടൈലുകളുടെ എണ്ണം, അവയുടെ വാല്യുവേഷൻ റിപ്പോർട്ട്, അവ കയ്യൊഴിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം. 9(4)/16-6-22 പ്രകാരം രേഖകൾ ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമായില്ല.

ഓടുകൾ കയ്യൊഴിച്ചതിന്റേയും തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് - അർഹതപ്പെട്ടതിലും അധികം തുക നൽകി

പ്രൊ.നം. SO.101/21-ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ- എച്ച്.എം, GUPS
അടങ്കൽ - 250000
ചെലവ് - 228000(ബിൽ നം. 1/4-5-20)

പദ്ധതി പ്രകാരം 8 പേർക്ക് 28500 രൂപ വീതം ആകെ 228000 രൂപ അനുവദിച്ചിട്ടുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നിങ്ങനെ വേർതിരിച്ച് അർഹതപ്പെട്ട സ്കോളർഷിപ്പ് കണക്കാക്കാതെ പട്ടികയിലെ എല്ലാവർക്കും ഒരേ നിരക്കാണ് നൽകിയിട്ടുള്ളത്. ഏഴ് പേർ മാനസിക വെല്ലുവിളി നേരിടുന്നവരും ഒരാൾ ശാരീരിക വെല്ലുവിളി നേരിടുന്നയാളുമാണ്. വിശദാംശം താഴെ ചേർക്കുന്നു.

ഗുണഭോക്താവ് - ശ്രീറാം.ആർ, +2 വിദ്യാർത്ഥി

ശാരീരിക അവശത നേരിടുന്ന വിദ്യാർത്ഥി.

സ.ഉ(കൈ)നം.22/2018/തസ്വഭവ തിയതി 14-2-2018 പ്രകാരം പുറപ്പെടുവിച്ച സബ്സിഡി-ധനസഹായ മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.6.a പ്രകാരം അർഹമായ തുക:

പ്രതിമാസ ബത്ത – 12x600 – 7200
വാർഷിക ബത്ത - 800
യാത്രാബത്ത – 10x400 = 4000
ആകെ - 12000

12000 രൂപയ്ക്ക് പകരം മേൽ ഗുണഭോക്താവിന് 28500 രൂപ നൽകുവാനുണ്ടായ സാഹചര്യം വിശദമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 7/16-10-22 ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള സർക്കുലർ മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ബാധകമായതാണ്.

അധികം നൽകിയ തുക 16500 രൂപ ഗുണഭോക്താവിൽ നിന്ന് ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-2 വിവിധ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ നീട്ടൽ - ടെണ്ടർ വ്യതിയാനം കുറവു ചെയ്തില്ല-30149 രൂപയുടെ നഷ്ടം

പ്രൊ.നം. 130/20, 105/21- വിവിധ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ നീട്ടൽ
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനിയർ
അടങ്കൽ - 450000 രൂപ (CFC)
എഗ്രിമെന്റ് നം. 40/27-11-19
കരാറുകാരൻ - ശ്രീ.ആർ.ഷംസുദ്ദീൻ

6.7% കുറവായാണ് കരാറുകാരൻ തുക ക്വോട്ട് ചെയ്തിട്ടുള്ളത്.

ചെലവ് - 450000 രൂപ (ബിൽ നം. 4/14-5-20 – 255614 രൂപ, 25/10-11-20 – 194386 രൂപ)

അളവു പുസ്തകം നം. 9/19-20

ബിൽ തുകകൾ നൽകിയപ്പോൾ 6.7% ടെണ്ടർ വ്യതിയാനം കുറവു ചെയ്തിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. ഇതിനാൽ വികസന ഫണ്ടിനുണ്ടായ നഷ്ടം താഴെ ചേർക്കുന്നു.

ഒന്നാം പാർട്ട് ബിൽ തുക - 255614 രൂപ

നഷ്ടം - 255614 X 6.7%=17126

രണ്ടാം പാർട്ട് ബിൽ തുക - 194386 രൂപ

നഷ്ടം - 13023 X 6.7%=13023

ആകെ നഷ്ടം - 30149 രൂപ

അധികം തുക നൽകിയതിനുള്ള സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 9(3)/16-6-22 ന് മറുപടി ലഭ്യമായില്ല.

അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 10.6.2022 മുതൽ 20.6.2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 5709 | പാലിയേറ്റീവ് | 0 | 5709 |
| | 2018-19 | 60000 | ലൈഫ് ഭവനം | 0 | 60000 |
| | 2018-19 | 46772 | പാൽ ഇൻസന്റീവ് | 0 | 46772 |
| | 2020-21 | 2000000 | ജലജീവൻ മിഷൻ | 0 | 2000000 |
| | 2020-21 | 310371 | പാൽ ഇൻസന്റീവ് | 310371 | |
| | 2020-21 | 24200 | തരിശു കൃഷി | 24200 | 0 |
| | 2020-21 | 30620 | ഉഴവു കൂലി | 30620 | 0 |
| | 2020-21 | 1560000 | ലൈഫ്-ജനറൽ | 1560000 | 0 |
| | 2020-21 | 40000 | പാലിയേറ്റീവ് കെയർ | 40000 | 0 |
| | 2018-19 | 18144 | ലൈഫ്-ജനറൽ | 0 | 18144 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 519501 | ലൈഫ്-എസ്.സി | 0 | 519501 |
| | 2020-21 | 56320 | ഉഴവു കൂലി | 56320 | 0 |
| | 2020-21 | 3979000 | ലൈഫ്-ജനറൽ | 3979000 | 0 |
| | 2020-21 | 811100 | ലൈഫ്-ജനറൽ | 811100 | 0 |
| | 2020-21 | 500000 | പാൽ സബ്സിഡി | 500000 | 0 |

സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക അതാത്

സ്ഥാപനങ്ങളിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | ഡെപ്പോസിറ്റ് തുക | ബാക്കി |
|---|---|---|---|---|
| KSEB | 92/21-SC കോളനികളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ-SCP | 1/24-4-20 | 96509 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ചത് | ആകെ വായ്പാ തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവനം | KURDFC/A2/289/2018/18.9.2018 | 47327958 | 6039689 | 53367647 | 5136981 (*) | 0 | 48230666 |

(*) ജനറൽ, എസ്.സി.പി വിഭാഗങ്ങളിൽ ആകെ നാലു പ്രോജക്റ്റുകൾ രൂപീകരിച്ച് വകയിരുത്തിയ തുകയാണ് വായ്പാ തിരിച്ചടവിനായി ഉപയോഗിച്ചിട്ടുള്ളത്.

4-6 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ തീർപ്പാക്കുവാനുള്ള ഖണ്ഡികകളൊന്നും നിലവിലില്ല.

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 28849615 |
| ഓഡിറ്റ് വർഷത്തെ വരവ് | 76821842 |
| ആകെ | 105671457 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 92300656 |
| നീക്കിയിരിപ്പ് | 13370801 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 46649 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 16500 | ശ്രീമതി.ലീല.പി, എച്ച്.എം, ജി.യു.പി.എസ് |
| 3-2 | | 30149 | ശ്രീമതി.വിനിത.പി, അസി.എഞ്ചിനിയർ |
| | ആകെ | 46649 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക
ഒന്നുമില്ല

ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം
ഒന്നുമില്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഖ. 1-12 – സാമൂഹ്യ സുരക്ഷാ പെൻഷൻ

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി ന്/തടസ്സത്തിന് ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ലീല.പി, എച്ച്.എം, ജി.യു.പി.എസ് | വിരമിച്ചു | ഇലംകാവിൽ- പത്തോലത്ത് ഹൗസ്, കിഴക്കഞ്ചേരി(പി.ഒ), പാലക്കാട്-678684 |
| ശ്രീമതി.വിനിത.പി, അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ, എരുത്തേമ്പതി | 12/453, ചോഴൻ ഹൗസ്, പനയൂർ, |

| | | |
|---|---|---|
| | ഗ്രാമപഞ്ചായത്ത് | പൊൽപ്പുള്ളി(പി.ഒ), പാലക്കാട്-678552 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | KSA-PKD11/1172/18 Dt. 09.10.2018 | 3 |
| 1997-98 | KSA-PKD11/1172/18 Dt. 09.10.2018 | 0 |
| 1998-99 | KSA-PKD11/1172/18 Dt. 09.10.2018 | 4 |
| 1999-00 | KSA-PKD11/1172/18 Dt. 09.10.2018 | 6 |
| 2000-01 | KSA-PKD11/1172/18 Dt. 09.10.2018 | 7 |
| 2001-02 | KSA-PKD11/1172/18 Dt. 09.10.2018 | 3 |
| 2002-03 | KSA-PKD11/1172/18 Dt. 09.10.2018 | 3 |
| 2003-04 | KSA-PKD11/1172/18 Dt. 09.10.2018 | 3 |
| 2004-05 | KSA-PKD11/1172/18 Dt. 09.10.2018 | 5 |
| 2005-06 | KSA-PKD11/1172/18 Dt. 09.10.2018 | 3 |
| 2006-07 | KSA-PKD11/1172/18 Dt. 09.10.2018 | 3 |
| 2007-08 | LFP11/2078/13/4.12.13 | 12 |
| 2008-09 | LFP11/709/13/18.06.13 | 2 |
| 2009-10 | LFP11/262/14/11.03.14 | 5 |
| 2010-11 | LFP11/2089/12/23.11.12 | 5 |
| 2011-12 | LFP11/712/14/06.06.14 | 8 |

| | | |
|---|---|---|
| 2012-13 | LF.P11-334/15/ 26.3.15 | 12 |
| 2013-14<br>2014-15 | KSA-PKD 11/1104/2016/ 03.08.2016 | 20 |
| 2015-16 | KSA-PKD11/2135/2016/ 21.01.2017 | 8 |
| 2016-17 | KSA-PKD11/1766/17/10.10.2017 | 17 |
| 2017-18 | KSA-PKD11/2252/2018/17.12.2018 | 14 |
| 2018-19 | KSA-PKD11/551/20/10.8.2020 | 16 |
| 2019-20 | KSA-PKD11/1434/22/ . 22.07.2022 | |

റിപ്പോർട്ടുകളിലെ അവശേഷിക്കുന്ന തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## വാർഷിക ധനകാര്യ പത്രികകൾ

| | | | |
|---|---|---|---|
| Eruthempathy Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 28849615.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 854810.00 |
| 140000000 | Fees & User Charges | RP-4 | 321789.00 |
| 150000000 | Sale & Hire Charges | RP-5 | 143341.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 52356047.00 |
| 171000000 | Interest Earned | RP-9 | 226244.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12409111.00 |
| 350000000 | Other Liabilities | RP-36 | 269996.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 68800.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 27900.00 |
| 312000000 | Reserves | RP-30 | 18338.00 |
| 330000000 | Secured Loans | RP-32 | 7139689.00 |
| 340000000 | Deposits Received | RP-34 | 122535.00 |
| 350000000 | Other Liabilities | RP-36 | 168487.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1628350.00 |
| 440000000 | Pre-paid Expenses | RP-45 | 311.00 |
| 460000000 | Loans, Advances and Deposits | RP-47 | 1066094.00 |
| | Grand total | | 105671457.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2335755.00 |
| 220000000 | Administrative Expenses | RP-12 | 748723.00 |
| 230000000 | Operations & Maintenance | RP-13 | 3398803.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4654082.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 39296219.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 781067.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 623387.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 266865.00 |
| 255000000 | Maintenance Projects | RP-20 | 7616490.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 5000.00 |
| 280000000 | Prior Period item | RP-26 | 11660.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2418487.00 |
| 350000000 | Other Liabilities | RP-36 | 5103601.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 4177.00 |
| 312000000 | Reserves | RP-30 | 8387.00 |
| 330000000 | Secured Loans | RP-32 | 1100000.00 |
| 340000000 | Deposits Received | RP-34 | 65500.00 |
| 350000000 | Other Liabilities | RP-36 | 1716720.00 |
| 410000000 | Fixed Assets | RP-38 | 7791152.00 |
| 412000000 | Capital work in Progress | RP-40 | 4899317.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 1611945.00 |
| 440000000 | Pre-paid Expenses | RP-45 | 5900000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1943319.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 13318436.00 |
| Cash | Cash | RP-40(b) | 52365.00 |
| | Grand Total | | 105671457.00 |

ഡെപ്യൂട്ടി ഡയറക്ടർ

| Eruthempathy Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 2673870.00 |
| 140000000 | Fee & User Charges | I-4(b) | 932539.00 |
| 150000000 | Sale & Hire Charges | I-5(b) | 150841.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 149837497.00 |
| 171000000 | Interest Earned | I-8 | 226244.00 |
| 180000000 | Other Income | I-9 | 27900.00 |
| | Total Income | | 153848891.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9019819.00 |
| 220000000 | Administrative Expenses | I-11(b) | 748723.00 |
| 230000000 | Operations & Maintenance | I-12(b) | 3448639.00 |
| 240000000 | Interest & Finance Charges | I-13 | 4177.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5136482.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 79416746.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 781067.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 623387.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 49199265.00 |
| 255000000 | Maintenance Projects | I-14(e) | 7616490.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 5000.00 |
| | Total Expenditure | | 155999795.00 |
| | Gross Surplus/ Deficit of income over Expenditure | | -2150904.00 |
| 280000000 | Prior Period Item | I-18 | -143859.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -2007045.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ

| Eruthempathy Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -46528553.90 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 83465686.00 |

| | | | |
|---|---|---|---|
| | Total Reserve & Surplus | | 36937132.10 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 15731315.00 |
| | Total Grants, Contributions for Specific Purposes | | 15731315.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 48230666.00 |
| | Total Loans | | 48230666.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 813377.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 45354769.90 |
| | Total Current Liabilities and Provisions | | 46168146.90 |
| | TOTAL LIABILITIES | | 147067260.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 90127047.00 |
| 411000000 | Accumulated Depreciation | B-11 | -14145204.00 |
| 412000000 | Capital Work in Progress | B-11(a) | 5499317.00 |
| | Total Fixed Assets | | 81481160.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 3308274.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 48090666.00 |
| 450000000 | Cash and Bank Balance | B-17 | 13370801.00 |
| 460000000 | Loans, Advances and Deposits | B-18 | 816359.00 |
| | Total Current Assets, Loans and Advances | | 0.0 |
| | Total Current Assets, Loans and Advances | | 65586100.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 147067260.00 |

ഡെപ്യൂട്ടി ഡയറക്ടർ